**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 701** **24-08-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിൽ വൈദ്യുതി മീറ്റർ, മെറ്റീരിയൽസ് ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ വൈദ്യുതി മീറ്റർ, മെറ്റീരിയൽസ് എന്നിവയുടെ ക്ഷാമംമൂലം വൈദ്യുതി കണക്ഷൻ നൽകാൻ കാലതാമസം നേരിടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | 8 മീറ്റർ പോസ്റ്റുകളുടെ ക്ഷാമം മൂലം വൈദ്യുതി കണക്ഷൻ നൽകുന്നതിനു കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പോസ്റ്റുകളുടെ ക്ഷാമം മൂലം 49 ഗാർഹിക കണക്ഷനുകളും 15 വാണിജ്യ കണക്ഷനുകളും ,15 കാർഷിക കണക്ഷനുകളും, മറ്റു വിഭാഗത്തിൽപ്പെട്ട 65 കണക്ഷനുകളും നൽകാനുണ്ട്. |
| (ബി) | എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | കോടതിയിൽ കേസ് നിലനിന്നിരുന്നതിനാൽ ഉണ്ടായ ഇലക്ട്രിക് പോസ്റ്റുകളുടെ ക്ഷാമം പരിഹരിക്കുന്നതിനായി ഓരോ ഇലക്ട്രിക്കൽ സർക്കിളുകളിലെയും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്ക് പോസ്റ്റ് വാങ്ങുന്നതിനു അനുവാദം നൽകിക്കൊണ്ടും അടിയന്തിരമായി ട്യൂബുലാർ പോസ്റ്റുകൾ വാങ്ങിയും പുതുതായി 8 m പോസ്റ്റുകൾക്ക് ഓർഡർ നൽകിയും പോസ്റ്റുകളുടെ കുറവ് നികത്താൻ ശ്രമിക്കുന്നു. ഇതിനു പുറമെ 7 ലക്ഷം 8 m പോസ്റ്റുകളുടെ പർച്ചേസ് ഓർഡർ KSEBL നൽകുകയുണ്ടായി. അവ ലഭിച്ചു തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ